ND. C. 18/16, dt. 28.04.16

# യൂത്ത് മിഷൻ കോൺഗ്രസ്സ്

28.04.2016

വന്ദ്യ വൈദീകരേ, സന്യസ്തരേ, പ്രിയ സഹോദരരേ,

നവസുവിശേഷ വത്കരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ലത്തീൻ രൂപതകളിൽ അജപാലന ശുശ്രൂഷാപ്രവർത്തനങ്ങൾ ഏകോകിപിപ്പിക്കുവാൻ വേ ിയാണ് മിഷൻ കോൺഗ്രസ്സ് 2017 നടത്താൻ KRLCBC തീരുമാനിച്ചത്. അതിന്റെ ഭാഗമായി 2016 ഏപ്രിൽ 08,09,10 തിയതികളിൽ നടന്ന സംസ്ഥാന യൂത്ത് മിഷൻ കോൺഗ്രസ്സ് 'ഇവാഞ്ചലിസ്ത 2016'-ന് നൽകിയ എല്ലാ സഹകരണങ്ങൾക്കും നന്ദി അറിയിക്കുന്നു. സംസ്ഥാന യൂത്ത് മിഷൻ കോൺഗ്രസ്സിനോടനുബന്ധിച്ച് 2016 ഏപ്രിൽ 10-ാം തിയതി നടത്താൻ ഒരുക്കിയിരുന്ന യൂത്ത് മിഷൻ റാലി, കൊല്ലം പറവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലു ായ വെടിക്കെട്ട് സ്ഫോടനത്തിൽ 109 പേരുടെ ജീവൻ നഷ്ടപ്പെട്ട ദേശീയ ദുരന്തത്തിൽ പങ്കുചേർന്ന് അനുശോചനം അറിയിച്ചു കൊ ് പ്രസ്തുത മിഷൻ റാലി നടത്തിയില്ല. മിഷൻ റാലിയുടെ ക്രമീകരണങ്ങളുടെ ഭാഗമായി വലിയ തുകകൾ യൂണിറ്റുകളും ഇടവകകളും ഫൊറോനകളും രൂപതാ സമിതിയും ചിലവഴിക്കേ ി വന്നത് ഞാൻ മനസ്സിലാക്കുന്നു. പരവൂർ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ കാര്യങ്ങൾ അംഗീകരിക്കുന്നതാണ് നമ്മുടെ ക്രിസ്തീയ ആദ്ധ്യാത്മികത.

2016 ഏപ്രിൽ 08,09,10 തിയതികളിൽ നടന്ന യൂത്ത് മിഷൻ കോൺഗ്രസ്സിന് വിവിധ സംഭാവനകൾക്ക് പുറമേ 326000 രൂപ ചെലവു വരികയും കൂപ്പൺ വഴി 96000 രൂപ ലഭിക്കുകയും ചെയ്തു. ഈ പ്രോഗ്രാമിന്റെ നടത്തിപ്പിൽ 186000 രൂപ കടം ഉള്ളതിനാൽ അച്ചന്റെ ഇടവകയിൽ നിന്നും കൂപ്പൺ തുക അടച്ചിട്ടില്ലെങ്കിൽ പിരിച്ചെടുത്ത കൂപ്പൺ തുകയും കൂപ്പൺ കൗ ർ ഫോയിലും വിൽക്കാത്ത കൂപ്പണും 2016 മെയ് 10-ാം തിയതിയ്ക്ക് മുമ്പായി ബിഷപ്പ്സ് ഹൗസിൽ അടച്ച് സഹകരിക്കണമെന്നും രൂപതാ യുവജന ശുശ്രൂഷയെ അകമഴിഞ്ഞ് സഹായിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

നെയ്യാറ്റിൻകര
28.04.2016

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

N.B. വൈദീകർ ഈ സർക്കുലർ 2016 മെയ് 1 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.